"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് -സമാശ്വാസ തൊഴിൽ ദാന പദ്ധതി -പാലക്കാട് നഗരസഭ- സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ മരണപ്പെട്ട സുബ്രഹ്മണ്യൻ സി യുടെ മകൻ ശ്രീ. മണികണ്ഠൻ എസ് - സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്**

**സ.ഉ.(കൈ) നം.124/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/08/2020

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.പ.ഭ.വ ഉത്തരവ്.

2. ശ്രീ. മണികണ്ഠൻ എസ് സമർപ്പിച്ച 28.12.2018, 17.10.2019 എന്നീ തീയതികളിലെ അപേക്ഷ .
3. നഗരകാര്യ ഡയറക്ടറുടെ 04.05.2019 തീയതിയിലെ ഇ4- 6721/19 നമ്പർ കത്ത്.
4. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ ഉത്തരവ്.
5. പാലക്കാട് ജില്ലാ കളക്ടറുടെ 04.10.2019 തീയതിയിലെ DCPKD/7956/201 9-A3 നമ്പർ കത്ത് .

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പാലക്കാട് നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.05.2018 തീയതിയിൽ മരണപ്പെട്ട സുബ്രഹ്മണ്യൻ സി യുടെ മകൻ ശ്രീ. മണികണ്ഠൻ എസ് ( മുനിസിപ്പൽ ലൈൻ , സി. ബി. ഇ. റോഡ് ,കൽമണ്ഡപം , പാലക്കാട് – 678001 ) അപേക്ഷ സമപ്പിച്ചിരുന്നു. സുബ്രഹ്മണ്യൻ സി. യുടെ സേവനകാലം 07 വർഷവും 01 മാസവും 14 ദിവസവുമാണ്. പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 08.09.1968 , 06.04.2011 എന്നതാണ്. നഗരകാര്യ ഡയറക്ടറും പാലക്കാട് ജില്ല കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് .

2. അപേക്ഷകൻ 10-ാം തരം വരെ പഠിച്ചിട്ടുണ്ട്. ടിയാന്റെ ജനനത്തിയതി 25.05.1989 ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൻ സമർപ്പിച്ചിട്ടുണ്ട് . ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും പാലക്കാട് ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട് . പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകന് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്.

ടിയാന്റെ കുടുംബ വാർഷിക വരുമാനം 28,000/- രൂപയാണെന്ന് (ഇരുപത്തിയെട്ടായിരം രൂപ മാത്രം) പാലക്കാട് 3 വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ,പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായ പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 20.05.2018 ന് മരണപ്പെട്ട സുബ്രഹ്മണ്യൻ സി യുടെ മകൻ ശ്രീ.മണികണ്ഠൻ എസ് -ന് പാലക്കാട് നഗരസഭയിലോ പാലക്കാട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ സാനിറ്റേഷൻ വർക്കർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യത അനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ് .

5. ഈ ജോലി ലഭിക്കുന്നതിനായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്നപക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സെക്രട്ടറി,പാലക്കാട് നഗരസഭ
ജില്ലാ കളക്ടർ ,പാലക്കാട്
ശ്രീ മണികണ്ഠൻ എസ്, മുനിസിപ്പൽ ലൈൻ , സി ബി ഇ റോഡ് ,കൽമണ്ഡപം പാലക്കാട് – 678001 .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ